**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **04-03-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയ്ക്കുവേണ്ടി കേന്ദ്ര ഫണ്ട് നേടുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 സർക്കാരിന്റെയും ഈ സർക്കാരിന്റെയും ഒൻപത് വർഷക്കാലയളവിൽ വ്യവസായ മേഖലയ്ക്കുവേണ്ടി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് /പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് എന്നിവരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമയബന്ധിതമായി സമർപ്പിച്ച് കേന്ദ്ര ഫണ്ട് പൂർണ്ണമായും വാങ്ങിയെടുത്ത് ചെലവഴിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നു. വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുകയും കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളുടെ കേരളത്തിലെ ഇംപ്ലിമെൻറിംഗ് ഏജൻസിയായും/നോഡൽ ഏജൻസിയായും കെ-ബിപ്പ് പ്രവർത്തിക്കുന്നു.<br><br>കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖാദി ഗ്രാമ വ്യവസായ കമ്മീഷനിലൂടെ നടപ്പിലാക്കി വരുന്നു. ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽനിന്നും ഖാദി ബോർഡിന്റെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയുന്നുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രെണർഷിപ്പ് ഡെവലപ്പ്മെന്റ് മുഖേന ട്രെയിനിംഗ് ആവശ്യത്തിനായി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

കിൻഫ്ര സ്പൈസസ് പാർക്ക്, തൊട്ടുപുഴ, ഇടുക്കി - ഇടുക്കി ജില്ലയിലെ തൊടുപുഴ മുട്ടത്ത് 15.43 ഏക്കർ സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഈ സ്കീം മുഖാന്തരം സ്പൈസസ് പാർക്കിന്റെ ആദ്യഘട്ടം വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2023 ഒക്ടോബർ 14-ന് ഉദ്ഘാടന നടത്തി. സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കിയാണ് പ്രസ്തുത പാർക്ക് വികസിപ്പിക്കുന്നത്, അതുവഴി കർഷകർക്ക് മികച്ച വിലയും സ്ഥിരമായ വിപണിയും ലഭിക്കുന്നതിന് സഹായിക്കുന്നു. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 5.76 കോടി രൂപ അനുവദിച്ചു. അതിൽ 2.23 കോടി രൂപയാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. 12.50 കോടി രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്.

കിൻഫ്ര പെട്രോകെമിക്കൽ പാർക്ക്: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.റ്റി യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുത്ത 481.79 ഏക്കർ ഭൂമിയിലാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. പ്രസ്തുത പാർക്കിലെ ആങ്കർ ഇൻവെസ്റ്ററായ ബി.പി.സി.എൽ - ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണവും അതുവഴി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പെട്രോകെമിക്കൽ വ്യവസായങ്ങളുടെ ഒരു ക്ലസ്റ്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നത്. ഈ പദ്ധതിക്കായി കിൻഫ്ര PM Gati Shakti Scheme-ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 55 കോടി രൂപ PM Gati Shakti Scheme വഴി ലഭിച്ചിട്ടുണ്ട്. പെട്രോകെമിക്കൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ 10,000 കോടി രൂപയുടെ നിക്ഷേപവും 10,000 ത്തോളം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

യൂണിറ്റി മാൾ (Capex Scheme) :- സംസ്ഥാനത്തിന്റെ സ്വന്തം "ODOP ഉൽപ്പങ്ങൾ (ഒരു ജില്ല, ഒരു ഉൽപ്പന്നം), GI ഉൽപ്പന്നങ്ങൾ, മറ്റ് കരകൗശല ഉൽപന്നങ്ങൾ എന്നിവയുടെ പ്രമോഷനും വിൽപ്പനയും, മറ്റ് സംസ്ഥാനങ്ങളിലെ അത്തരം ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിൽപ്പന പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒരു പുതിയ ആശയം വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ് യൂണിറ്റി മാൾ. വിശാലമായ ഘടന, വിശാലമായ റീട്ടെയിൽ ഏരിയകൾ, ആംഫി

തിയേറ്റർ, പാർക്കിംഗ് ഗാരേജ്, മുറ്റങ്ങൾ, ബാൽക്കണികൾ, വലിയ ഓഡിറ്റോറിയം, കോൺഫറൻസ് റൂമുകൾ, എക്സിബിഷൻ ഏരിയകൾ, ലൈബ്രറി തുടങ്ങിയവയുള്ള അഞ്ച് നിലകളുള്ള വാണിജ്യ കെട്ടിടം. പദ്ധതി നടപ്പാക്കുന്ന ഏജൻസിയാണ് കിൻഫ്ര. ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 120 കോടി രൂപയാണ് അനുവദിച്ചത് അതിൽ 60 കോടി രൂപ ലഭിച്ചു. 2026 ജനുവരിയോടെ പദ്ധതി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട്. -</u> കേന്ദ്ര സർക്കാരിന്റെ ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രീസ് മന്ത്രാലയത്തിന്റെ (എം.ഒ.എഫ്.പി.ഐ) മെഗാ ഫുഡ് പാർക്ക് സ്കീമിന് കീഴിൽ എലപ്പുള്ളി, പുതുശ്ശേരി വില്ലേജുകളിലായി 79.42 ഏക്കർ സ്ഥലത്ത് കിൻഫ്ര മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. 105.32 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പിലാക്കിയത്. MOFPI-യിൽ നിന്ന് 50.00 കോടി രൂപയുടെ ഗ്രാൻറ്-ഇൻ-എയ്ഡ് സഹായം സ്വീകരിക്കുകയും നബാർഡിൽ നിന്ന് 28.34 കോടി രൂപയുടെ ടേം ലോൺ നേടുകയും ചെയ്തു. റോഡുകൾ, ഡ്രെയിനേജ്, ജലവിതരണം, വൈദ്യുതി വിതരണം, കോമ്പൗണ്ട് വോൾ, റൈൻ ഹാർവെസ്റ്റിംഗ് പാൻഡ്സ് അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ് (30,900 ചതുരശ്ര അടി), വെയർഹൗസുകൾ (78,000 ചതുരശ്ര അടി), കോൾഡ് സ്റ്റോറേജ് (4500 മെഗാ ഫുഡ് ഹൗസ്, പ്രോസസിങ് ഹൗസ്) തുടങ്ങിയ സൗകര്യങ്ങൾ ഇവിടെയുണ്ട്. ടി പാർക്ക് 20.08.2020-ന് പൂർണതോതിൽ പ്രവർത്തനക്ഷമമാവുകയും ചെയ്തു.

<u>KBIC IMC Palakkad Node</u>: പുതുശ്ശേരി സെൻട്രൽ, പുതുശേരി വെസ്റ്റ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് 3806 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. ഐ.എം.സി പദ്ധതിക്കായി ഏകദേശം 1710 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത് അതിൽ ഏകദേശം 1400 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഉള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതമായിട്ടാണ് 1710 ഏക്കർ ഭൂമി എസ്.പി.വി ക്ക് കൈമാറുന്നത്. എസ്.പി.വി ക്ക് കൈമാറിയ ഭൂമിയുടെ വിലയ്ക്ക് തുല്യമായ സംഭാവന കേന്ദ്ര സർക്കാരും നൽകും. ആദ്യഘട്ടമായി 110 ഏക്കർ ഭൂമി കിൻഫ്ര എസ്.പി.വി ക്ക് (കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷൻ) കൈമാറി

| | | | |
|---|---|---|---|
| | | | അതിനോട് അനുബന്ധിച്ച് തുല്യ ഇക്വിറ്റിയായി NICDC 104.50 കോടിയുടെ രൂപയും എസ്.പി.വി -യ്ക്ക് കൈമാറി.<br><br>കിൻഫ്ര ഡിഫൻസ് പാർക്ക്: മോഡിഫൈഡ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രേഡേഷൻ (എം.ഐ.ഐ.യു) സ്കീമിന് കീഴിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാലക്കാട് ഒറ്റപ്പാലത്ത് 60 ഏക്കർ സ്ഥലത്ത് ഡിഫൻസ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. "മെയ്ക്ക് ഇൻ ഇന്ത്യ" പദ്ധതിയുടെ ഭാഗമായി 50 കോടി രൂപ കേന്ദ്ര ഗ്രാൻറ് ഉൾപ്പെടെ 130.94 കോടി രൂപയ്ക്കാണ് പദ്ധതി അനുവദിച്ചത്. "മെയ്ക്ക് ഇൻ ഇന്ത്യ" പദ്ധതിയുമായി യോജിപ്പിച്ച് ലോകോത്തര പ്രതിരോധ നിർമ്മാണത്തിനുള്ള സുപ്രധാന കേന്ദ്രമാക്കി പാർക്കിനെ മാറ്റുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. 31.08.2020 ൽ പദ്ധതി പൂർത്തിയാക്കി, പദ്ധതിച്ചെലവ് 114.06 കോടി രൂപയായി കുറയ്ക്കുകയും ചെയ്തു. ഈ പദ്ധതിക്ക് കേന്ദ്ര ഗ്രാന്റായി ലഭിച്ചത് 49.55 കോടി രൂപയാണ്. പ്രതിരോധ വ്യവസായത്തിലെ ഘടക നിർമ്മാതാക്കൾക്ക് മാത്രമായി സമ്പൂർണ്ണ അടിസ്ഥാന സൗകര്യങ്ങൾ പദ്ധതി പ്രദാനം ചെയ്യുന്നു. ഗവേഷണവും രൂപകൽപ്പനയും, സോഫ്റ്റ്‌വെയർ ഡെവലപ്മെൻറ്, കാസ്റ്റിംഗ്, ഫോർജിംഗ്, മെറ്റൽ വർക്കുകൾ, നേവൽ ഇലക്ട്രോണിക് സബ്സിസ്റ്റങ്ങളും അനുബന്ധ ഉപകരണങ്ങളും, ലാൻഡ് ഇലക്ട്രോണിക് സബ്സിസ്റ്റങ്ങളും അനുബന്ധ ഉപകരണങ്ങളും, എയ്റോസ്പേസ് ഇലക്ട്രോണിക് സബ്സിസ്റ്റം, ടൂളിംഗ്, ആക്സസറികൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനികളെ ആകർഷിക്കാനാണ് പാർക്ക് ലക്ഷ്യമിടുന്നത്. വൈദ്യുതി, ജലവിതരണം, ഗതാഗത സൗകര്യങ്ങൾ, സർവീസ് യാർഡ്, കാർ പാർക്കിംഗ്, കോൺഫറൻസ് മുറികൾ, പെയിൻറ് ബൂത്ത്, ടൂൾ റൂമുകൾ, കാന്റീനുകൾ, മഴവെള്ള സംഭരണി സംവിധാനം തുടങ്ങിയ അവശ്യ അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര ഈ പാർക്കിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.<br><br>MSE CDP Scheme - MSE (Micro and Small Enterprises) CDP (Cluster Development Program) സ്കീമിന്റെ കീഴിൽ കിൻഫ്രയുടെ 4 പാർക്കുകൾക്ക് പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ജാഗ്രതയില്ലായ്മ കേന്ദ്ര നിക്ഷേപം ലഭിക്കുന്നതിനും നിലവിലെ വ്യവസായങ്ങളെ പ്രതിസന്ധിയില്ലാതെ | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ നേടിയെടുക്കുന്നതിനും ഫണ്ട് കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുമായുള്ള |

| | | | |
|---|---|---|---|
| | സംരക്ഷിക്കുന്നതിനും സാധിക്കാത്ത സ്ഥിതിയിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | | നടപടികൾ യഥാസമയം വ്യവസായ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |
| (സി) | പൊതുമേഖലയോടുള്ള ആഭിമുഖ്യക്കുറവും സ്വകാര്യ കോർപ്പറേറ്റ് മേഖലയോടുള്ള മൃദുസമീപനവും കാരണം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ മോശമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ